**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്തം നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യമുക്തം നവകേരളം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; ഇതുമായി ചേർന്ന് ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | 2024ജൂലൈ 26-ന് ബഹു. മന്ത്രിമാരുടേയും വകുപ്പ് മേധാവികളുടേയും യോഗത്തിലും ജൂലൈ 27 ന് നടന്ന സർവകക്ഷി യോഗത്തിലും ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച കർമപരിപാടികളുടെ അടിസ്ഥാനത്തിലുമാണ് മാലിന്യ മുക്തം നവകേരളം ജനകിയ ക്യാമ്പയിൻ ആസൂത്രണം ചെയ്തത്. 2024 ഒക്ടോബർ 02 ഗാന്ധിജയന്തി ദിനത്തിൽ തുടങ്ങി 2025 മാർച്ച് 30 അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനത്തിൽ (International Zero Waste Day) ലക്ഷ്യം നേടാൻ കഴിയുന്ന വിധത്തിലാണ് ക്യാമ്പയിൻ ആസൂത്രണം ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മാലിന്യമുക്തം നവകേരളം ജനകിയ ക്യാമ്പയിനിൽ സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളും അവരവരുടേതായ പങ്ക് നിറവേറ്റുന്ന തരത്തിലും വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെ ചുമതലകൾ നിറവേറ്റുന്ന തരത്തിലുമാണ് ക്യാമ്പയിൻ രൂപകല്പന ചെയ്തിട്ടുള്ളത്.<br><br>ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, സംസ്ഥാന മലിനികരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, കില, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിനോദസഞ്ചാര വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2024 ഒക്ടോബർ 02 ന് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കര എൽ.ഐ.സി. അങ്കണത്തിൽ ബഹു. കേരള മുഖ്യമന്ത്രി നിർവഹിച്ചു. 14 ജില്ലകളിലും 152 ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രങ്ങളിലും 87 മുനിസിപ്പാലിറ്റികളിലും 6 മുനിസിപ്പൽ |

കോർപ്പറേഷനുകളിലും ഇടമലക്കുടി ഒഴികെയുള്ള 940 ഗ്രാമപഞ്ചായത്തുകളിലും വിവിധ മാതൃക പ്രവർത്തനങ്ങൾ നാടിന് സമർപ്പിച്ചു കൊണ്ട് ക്യാമ്പയിൻ ഉദ്ഘാടനം നടന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിച്ചേരുന്ന ശീലമാറ്റത്തിന് പ്രേരണയായി മാറുന്ന ഫലങ്ങളുണ്ടാക്കുന്ന ഈ ക്യാമ്പയിനുമായി ചേർന്ന് ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ചുവടെചേർക്കുന്നു.

**1. ഹരിത സുന്ദര** ടൗണുകൾ

2024 നവംബർ 01 ന് (കേരളപ്പിറവി ദിനം) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു ടൌണെങ്കിലും മാലിന്യമുക്തമാക്കി സൗന്ദര്യ വൽക്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കുക. 2025 ജനുവരി 26 ന് കേരളത്തിലെ എല്ലാ ടൗണുകളും മാലിന്യമുക്തമാക്കി സൌന്ദര്യ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കുക.

**2) ഹരിത അയൽക്കൂട്ടങ്ങൾ**

2024 നവംബർ 1 ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും 10 ശതമാനം അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടമാക്കി മാറ്റും. തുടർന്ന് ഡിസംബർ 31 ന് 25 ശതമാനം, 2025 ജനുവരി 26-ന് 50 ശതമാനം, മാർച്ച് 08 ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ മുഴുവൻ അയൽക്കൂട്ടങ്ങളേയും ഹരിത അയൽക്കൂട്ടമാക്കി മാറ്റുക.

**3.ഹരിത വിദ്യാലയം ഹരിത കലാലയം**

2024 നവംബർ 01 ന് സംസ്ഥാനത്തെ പകുതി സ്കൂളുകളെയും കോളേജുകളേയും ഹരിത വിദ്യാലയവും ഹരിത കലാലയവുമാക്കി മാറ്റും. തുടർന്ന് 2024 ഡിസംബർ 31 ന് മുഴുവൻ സ്കൂളുകളെയും കോളേജുകളേയും ഹരിത വിദ്യാലയ/കലാലയമാക്കി മാറ്റുക.

**4. ഹരിത സ്ഥാപനങ്ങൾ**

2024 നവംബർ 1 ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും പകുതി എണ്ണം സർക്കാർ-അർദ്ധ സർക്കാർ പൊതുമേഖല-സഹകരണ ഓഫീസുകളെ ഹരിത സ്ഥാപനമാക്കും. തുടർന്ന് 2025 ജനുവരി 26 ന് സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളേയും ഹരിത ഓഫീസുകളാക്കി മാറ്റുക.

**5. ഹരിത ടൂറിസം കേന്ദ്രങ്ങൾ**

| | | | |
|---|---|---|---|
| | | | 2024 നവംബർ 1 ന് സംസ്ഥാനത്തെ 10 ശതമാനം ടൂറിസം കേന്ദ്രങ്ങളേയും, ഡിസംബർ 31-ന് 25 ശതമാനം ടൂറിസം കേന്ദ്രങ്ങളേയും<br><br>ജനുവരി 26 ന് 50 ശതമാനം ടൂറിസം കേന്ദ്രങ്ങളേയും മാർച്ച് 30 ന് 100 ശതമാനം ടൂറി സ്റ്റ് കേന്ദ്രങ്ങളേയും ഹരിത ടൂറി സം കേന്ദ്രങ്ങളാക്കി മാറ്റുക.<br><br>**6. പൊതു സ്ഥലങ്ങൾ, മാർക്കറ്റുകൾ**<br><br>2024 നവംബർ 1 ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പൊതുസ്ഥലം സമ്പൂർണ്ണ ശുചിത്വവും ഭംഗിയുള്ളതുമാക്കി മാറ്റും. ഡിസംബർ 31 ന് എല്ലാ പൊതുസ്ഥലങ്ങളും ഇത്തരത്തിൽ മാറ്റുക.<br><br>7. കെ.എസ്.ആർ.ടി.സി. ഗ്യാരേജുകളും ബസ് സ്റ്റേഷനുകളും മാർച്ച് 30-നകം ഹരിത സ്റ്റേഷനുകളായി മാറ്റുക.<br><br>8. “ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിന്റെ ഭാഗമായി 2024 ഡിസംബർ മുതൽ മാർച്ച് 30 വരെ കാലയളവിൽ മുഴുവൻ നീർച്ചാലുകളും ശുചീകരിച്ച് മാലിന്യമുക്തമാക്കുക. |

സെക്ഷൻ ഓഫീസർ